# ക്യാബിനറ്റ് തീരുമാനം 20-07-2016

- പാലാ Indian Institute of Information Technology and Management (IIITM) ന് വേണ്ടി പൊന്നുംവിലക്കെടുത്ത 53.523 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) എന്ന പൊതുമേഖലാ സ്ഥാപന ത്തിൽനിന്നും IIITM ന് കൈമാറാൻ തീരുമാനിച്ചു.
- കോഴിക്കോട് Composite Regional Centre for Persons with Disabilities എന്ന സ്ഥാപനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ പ്രത്യേക വിദ്യാഭ്യാസ ഡിപ്ലോമ കോഴ്സുകൾ (Autism Spectrum & Cerebral Palsy) അനുവദിക്കാൻ തീരുമാനിച്ചു.
- ആന്തൂർ നഗരസഭയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസ ഭായോഗം അനുമതി നൽകി.

- ജമ്മു-കാശ്മീരിലെ പുൽവാമയിൽ ഉണ്ടായ തീവ്രവാദി ആക്രമണ ത്തിൽ കൊല്ലപ്പെട്ട സി.ആർ.പി.എഫ്. സബ് ഇൻസ്പെക്ടർ നന്ദി യോട് കള്ളിപ്പാറ, ചടച്ചിക്കരിക്കകത്ത് സ്നേഹശ്രീയിൽ ജി. ജയച ന്ദ്രൻ നായരുടെ ഭാര്യക്ക് ജോലി നൽകാനും രണ്ടു പെൺകുട്ടികളു ടെയും വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കാനും തീരുമാനിച്ചു. ഒപ്പം ജയചന്ദ്രൻനായരുടെ കുടുംബത്തിന് അഞ്ചു ലക്ഷം രൂപയുടെ ധനസഹായം നൽകാനും തീരുമാനിച്ചു.

- റിയാദിൽ വെടിയേറ്റു മരിച്ച ആറ്റിങ്ങൽ ആലംകോട് കൊച്ചുവിള തെഞ്ചേരിക്കോണം മാജിദാ മൻസിലിൽ മീരാ സാഹിബിന്റെ മകൻ നസീറിന്റെ കുടുംബത്തിന് അഞ്ചു ലക്ഷം രൂപ അനുവദിച്ചു.

- പത്രവിതരണത്തിനിടെ വാഹനമിടിച്ചു മരിച്ച ആലപ്പുഴ പട്ടണക്കാട് നിഗർത്തിൽ വീട്ടിൽ അനന്തകൃഷ്ണന്റെ കുടുംബത്തിന് മൂന്നു ലക്ഷം രൂപ അനുവദിച്ചു.

- ഭാര്യയെ കൊലപ്പെടുത്തി ഭർത്താവ് ആത്മഹത്യ ചെയ്തതിനെ തുടർന്ന് അനാഥവസ്ഥയിലായ ഇടുക്കി അടിമാലി കണ്ണാട്ടുവീട്ടിലെ ഒമ്പതും ഏഴും വയസ്സുള്ള കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കും. ഒപ്പം രണ്ടര ലക്ഷം രൂപാ വീതം കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തും.

ധനസഹായം

- കോന്നി വള്ളിക്കോട് സജിതാലയത്തിൽ അഭിജിത്തിന്റെ മകൾ ഏഴു മാസം പ്രായമുള്ള ആദ്രിജയുടെ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് മൂന്നു ലക്ഷം രൂപ അനുവദിച്ചു.

- വയനാട് കൃഷ്ണഗിരിയിൽ ബസ് അപകടത്തിൽ മരിച്ച ജോൺസൺ, വിനോദ്കുമാർ എന്നിവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപാ വീതം അനുവദിച്ചു.

- പാലക്കാട് കോതച്ചിറ കൊടവംപറമ്പിൽ ബാലന്റെ മക്കളായ ഷബ്ന, ബിനോയി എന്നിവരുടെ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്കായി മൂന്നു ലക്ഷം രൂപാ വീതം അനുവദിച്ചു.

- പത്തനംതിട്ട റാന്നി അറയാഞ്ഞിലിമണ്ണ് വടക്കേ ചരുവിൽ സുധാകരന്റെ വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്കായി മൂന്നു ലക്ഷം രൂപ അനുവദിച്ചു.

- കരുനാഗപ്പള്ളി ആദിനാട് തെക്ക് അനുഭവനിൽ രവീന്ദ്രന്റെ മകൻ അനുവിന്റെ ബ്രയിൻ ട്യൂമർ ശസ്ത്രക്രിയക്കായി മൂന്നു ലക്ഷം രൂപ അനുവദിച്ചു.

- കരുനാഗപ്പള്ളി പുലിയൂർ വഞ്ചിവടക്ക് കൊറ്റിനാട്ട് കിഴക്കേതിൽ അബ്ദുൾ സമദിന്റെ മകൾ സൗമ്യയുടെ വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്കായി മൂന്നു ലക്ഷം രൂപ അനുവദിച്ചു.

- തിരുവനന്തപുരം നെല്ലിമൂട് കോട്ടുകാൽ താന്നിവിള പുത്തൻവീട്ടിൽ നിഷാകുമാരിയുടെ മകൾ ബി.എൻ. അഖിനയുടെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് മൂന്നു ലക്ഷം രൂപ അനുവദിച്ചു.

- പുഴയിൽവീണ് മരിച്ച വയനാട് മാനന്തവാടി സ്വദേശി അജ്നാസിന്റെ കുടുംബത്തിന് രണ്ടു ലക്ഷം രൂപ അനുവദിച്ചു.

- കോഴിക്കോട് കുന്നുമ്മൽ വട്ടോളിയിൽ വാഹനാപകടത്തിൽ മരിച്ച അർചിത്, ആദിൽ. ആർ. ചന്ദ്രൻ എന്നിവരുടെ കുടുംബങ്ങൾക്ക് മൂന്നു ലക്ഷം രൂപാ വീതം അനുവദിച്ചു.